# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2904 — 10-05-2017-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. കെ. കൃഷ്ണൻകുട്ടി

മറുപടി

ശ്രീ പിണറായി വിജയൻ
(മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരളത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ മേൽനോട്ടം ആർക്കാണ്; സർക്കാർ സേവനം കൂടുതൽ ജനസൗഹൃദമാക്കാൻ സ്ഥാപിക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങളിലൂടെ താത്കാലിക ജീവനക്കാരുടെ മോശമായ പെരുമാറ്റം മൂലം ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അവ കൂടുതൽ ജനസൗഹൃദമാക്കാൻ താത്കാലിക ജീവനക്കാർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ജില്ലാതലത്തിൽ അക്ഷയ ചീഫ് കോർഡിനേറ്ററായ ജില്ലാ കളക്ടർക്കും സംസ്ഥാനതലത്തിൽ അക്ഷയ ഡയറക്ടർക്കുമാണ് അക്ഷയ കേന്ദ്രങ്ങളുടെ മേൽനോട്ടച്ചുമതല. ചില അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ മോശമായി പെരുമാറുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം അക്ഷയ സംരംഭകർക്ക് നൽകി വരുന്നുണ്ട്. |
| ബി) | അക്ഷയ കേന്ദ്രങ്ങൾ ഓരോ സർട്ടിഫിക്കറ്റിനും 50 മുതൽ 100 രൂപ വരെ ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ദരിദ്രരെ ദ്രോഹിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസ് മുഖേന അന്വേഷണം നടത്തി ബന്ധപ്പെട്ട അക്ഷയ സംരംഭകനിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംരംഭകന് മെമ്മോ നൽകുക, താക്കീത് നൽകുക, പിഴ ഈടാക്കുക മുതൽ പ്രസ്തുത അക്ഷയ കേന്ദ്രത്തിന്റെ സംരംഭകത്വം റദ്ദാക്കുന്ന ഉൾപ്പെടെയുള്ള കർശന നടപടികൾ പരാതിയുടെ ഗൗരവമനുസരിച്ച് സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | കേന്ദ്രസർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ഭാഗമായുള്ള ജനസേവനകേന്ദ്രം സൗജന്യമായി സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നൽകുന്നതുപോലെ അക്ഷയ കേന്ദ്രങ്ങൾ വഴിയും സർക്കാർ സേവനങ്ങൾ സൗജന്യമായി നൽകുന്നതിന് ആലോചിക്കുന്നുണ്ടോ? | സി) | നിലവിൽ സർക്കാർ സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുള്ള സേവനങ്ങൾ സൗജന്യമായും അല്ലാത്ത സേവനങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കിയുമാണ് നൽകിവരുന്നത്. അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന സർക്കാർ സേവനങ്ങളെല്ലാം സൗജന്യമാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ